*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രൊഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രൊഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 32C

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്, മെയ് 6, 2022**

# ദിവ്യ പ്രഭാഷണങ്ങൾ

ഓം ശ്രീ സായിരാം! പ്രശാന്തിസന്ദേശത്തിലേക്ക് സ്വാഗതം.

നമുക്ക് ഭഗവാൻ ബാബയുടെ നിരവധി ദർശനങ്ങൾ ലഭിച്ചിട്ടുണ്ട്. അവിടുത്തെ ദിവ്യ പ്രഭാഷണങ്ങൾ പലവട്ടം കേൾക്കാനായതിൽ നാം അനുഗ്രഹീതരാണ്. ഞാൻ ശ്രദ്ധിച്ചിട്ടുള്ളതൊക്കെ നിങ്ങളും ശ്രദ്ധിച്ചിട്ടുണ്ടാവും എന്ന് എനിക്കുറപ്പുണ്ട്. ഞാൻ എന്നെ വിശിഷ്ടനായോ വേറിട്ടവനായോ അൽപം പോലും കരുതുന്നില്ല. നാം നമ്മുടെ കാഴ്ചപ്പാടുകൾ കേവലം പങ്കുവയ്ക്കുകയാണ്. ഭഗവാനെപ്പറ്റി സംസാരിക്കുന്നതിൽ നാം വലിയ ആനന്ദം കണ്ടെത്തുന്നു, എന്തുകൊണ്ടെന്നാൽ നാം ഒരേ വഴിക്കാണ്. നാം തീർത്ഥാടനത്തിലാണ്. അതുകൊണ്ട്, നാം സമാനമനസ്കരാവുന്നു.

സ്വാമിയുടെ തത്വചിന്ത നമ്മുടെ മനസ്സിലേക്ക് എത്താനല്ല, അതിനുള്ളിലേക്ക് ഇറങ്ങാനല്ല. അല്ല! സ്വാമിയുടെ പ്രഭാഷണങ്ങൾ ഹൃദയത്തിന്റെ ആഴങ്ങളിലാണ് വേരൂന്നേണ്ടത്. അതിൽ ചിലതൊക്കെ നിങ്ങളുടെ സത്തയിലേക്കും എത്തിച്ചേരുന്നവയാണ്. സ്വാമിയുടെ ഫിലോസഫി നിറയെ ചിന്തകളാണ്, അതിന് ധ്യാനിയുടെ ആഴങ്ങളാണ്. സ്വാമി നമ്മോട് സംസാരിക്കുന്നത് എപ്രകാരമാണെന്നു വച്ചാൽ, അവിടുന്ന് നമ്മെ ഒരു വിമാനത്തിൽ കൊണ്ടുപോവുന്നു, ഗൗതമബുദ്ധന്റെ വിമാനം. സ്വാമി പലവട്ടം സംസാരിച്ചിരിക്കുന്നു. അവ വെറും വാക്കുകളല്ല. അല്ല! ആ വാക്കുകൾ ശ്വസിക്കുന്നു! അവിടുത്തെ വാക്കുകളിൽ ഒരു ഹൃദയതാളമുണ്ട്. ഭഗവാന്റെ പ്രഭാഷണങ്ങളോ-നിറയെ മനുഷ്യപ്രജ്ഞ(**human consciousness**)യുടെ ഔന്നത്യങ്ങളുള്ള ചിന്തകളാണ്.

അവ ഉയരങ്ങളിൽനിന്ന് താണുവന്ന് ആൾക്കൂട്ടത്തിലേക്കിറങ്ങുന്നു, ഇവയെല്ലാം ഗാഢനിദ്രയിലാണ്ടവരെ ഉണർത്താനായിട്ടാണ്. സ്വാമിയുടെ പ്രഭാഷണങ്ങൾ നിറയെ ഉൾക്കാഴ്ചകളാണ്. അതെ!

അതേ സമയം, നാം ഉണർന്നവരുമാണ്; അതേക്കുറിച്ച് സംശയമില്ല. പക്ഷേ, നാം തെരഞ്ഞെടുത്തിരിക്കുന്നത് അബോധമാണ്. അതിനാൽ നാം ബോധവാന്മാരായിരിക്കുന്നത് തെരഞ്ഞെടുക്കുന്നതാണ് കുറേക്കൂടി നല്ലത്, അപ്പോൾ എല്ലാ അബോധവും ഇരുളും അപ്രത്യക്ഷമാവും. സൂര്യപ്രകാശം തിളക്കുന്ന ശൃംഗങ്ങളിൽ ജീവിക്കുന്നതിനായി തീരുമാ



നിക്കുക! ആർക്കുംതന്നെ നമ്മെ തടയാനാവില്ല, എന്തുകൊണ്ടെന്നാൽ അത് നമ്മുടെ ശേഷിയാണ്. സ്വാമി നമ്മെ അത്രയ്ക്ക് ഉന്നതങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നത്-മഹത്വപൂർണമായ ഔന്നത്യങ്ങളിൽ, സൂര്യൻ തിളക്കുന്ന ഗിരിശൃംഗങ്ങളിൽ. അതെ! അപ്പോൾ ഭഗവാന്റെ സന്ദേശങ്ങൾ നമ്മുടെ സതീർത്ഥ്യരുമായി, നമ്മുടെ സുഹൃത്തുക്കളുമായി, സമൂഹാംഗങ്ങളുമായി പങ്കു വയ്ക്കുന്നതിന് നമ്മിൽ ആഗ്രഹമുണരുന്നു. പങ്കിടലിനുള്ള ഈ

ആഗ്രഹം അപാരമാണ്. യഥാർത്ഥ സായീഭക്തർ കണ്ടുമുട്ടുമ്പോൾ അവർ അവരുടെ അനുഭവങ്ങൾ അഥവാ അവർക്ക് ലഭിച്ചിട്ടുള്ള സന്ദേശങ്ങൾ പരസ്പരം കൈമാറുന്നതിൽ വ്യാപൃതരാവുന്നതിനു കാരണം ഇതാണ്.
സ്വാമിയുടെ പ്രഭാഷണങ്ങൾ പൂർണമായും ജീവിത സ്വീകാര്യമാണ്. അത് ആഘോഷത്തിന്റെ, ജീവിതത്തോടുള്ള കൃതജ്ഞതയുടെ മതമാണ്; സ്വാമിയുടെ സംഭാഷണങ്ങൾ, പ്രഭാഷണങ്ങൾ ജീവിതത്തിന്റെ, പ്രേമത്തിന്റെ, ചിരിയുടെ സുഖങ്ങൾക്കെതിരല്ല! ഈ ലോകം ത്യജിക്കുന്നതിനെ സ്വാമി അനുകൂലിക്കുന്നില്ല. അതെ! ലോകത്ത് ആനന്ദിക്കുന്നതിന് സ്വാമി എല്ലാ പിന്തുണയും നൽകുന്നു, ലോകത്ത് ആനന്ദിക്കുന്നതിന്. തന്നെയുമല്ല, സ്വർഗം, നരകം, ഈശ്വരൻ മുതലായവയെക്കുറിച്ചുള്ള നമ്മുടെ ആശയങ്ങളത്രയും മനസ്സിന്റെ പ്രക്ഷേപങ്ങളാകുന്നു. ഭഗവാൻ നമ്മോട് ആവർത്തിച്ച് പറയുന്നത് ഇത് ഓരോരുത്തർക്കുമുള്ള ശേഷിയാണെന്നാണ്! ഒരുവന് ഒരു പ്രകോപനം, ഒരു വെല്ലുവിളി വേണമെന്നു മാത്രം. അതാണ് ദിവ്യപ്രഭാഷണത്തിന്റെ ഉദ്ദേശ്യം.

നാം പൂർണമായി, സന്തോഷപൂർവം, തീവ്രമായി ജീവിക്കണം, ഇതാണ് സകല മതങ്ങളും അടിസ്ഥാനമാക്കിയിട്ടുള്ളത്. സ്വാമിയുടെ സംഭാഷണങ്ങളും പ്രഭാഷണങ്ങളും അത്രമേൽ സരളമാണെന്ന് തോന്നിച്ചേക്കാം. മനുഷ്യർക്ക് എളുപ്പമുള്ളതൊന്നും സ്വീകാര്യമല്ല എന്ന് നമുക്ക് കാണാം, അതൊന്നും ലക്ഷ്യമാവാൻ യോഗ്യമല്ലെന്നാണ് അവരുടെ തോന്നൽ, എന്തുകൊണ്ടെന്നാൽ ലക്ഷ്യം എപ്പോഴും വളരെ ദുഷ്കരമാവണം, പ്രയാസമാവണം, കഠിനമാവണം! എപ്പോഴും അസാദ്ധ്യമായത്, ദുഷ്കരമായത് ആഗ്രഹിക്കുന്ന ഈഗോ കാരണമാണിത്. ഈഗോ നിങ്ങളെ കൂടുതൽ കൂടുതൽ വേണമെന്ന് തള്ളിവിടും. കൂടുതൽ ആർത്തി, കൂടുതൽ അധികാരം, കൂടുതൽ ധനം, കൂടുതൽ വിരക്തി, കൂടുതൽ ആദ്ധ്യാത്മികത, കൂടുതൽ അച്ചടക്കം! 'കൂടുതൽ' എന്നത് ഈഗോയുടെ ഭാഷയാണ്.

അതുകൊണ്ട്, നാം തിരിച്ചറിയേണ്ട വസ്തുത എന്തെന്നാൽ, മനസ്സിൽ ചിന്തകളൊന്നും തന്നെ ഇല്ലെങ്കിൽ നിങ്ങളൊരു ശൂന്യാകാശത്താണ് എന്നതാണ്. മനസ്സ് ശൂന്യമാവുമ്പോൾ കാലം നിശ്ചലമാവുന്നു! ഒരു ചലനവുമുണ്ടാവില്ല, എന്തുകൊണ്ടെന്നാൽ ചലനം എവിടെയുണ്ടോ അവിടെ കാലവുമുണ്ട്. അതുകൊണ്ട്, ചിന്തകളൊന്നും ഇല്ലാത്തപ്പോൾ, കാലം ഇല്ലാത്തപ്പോൾ, നിങ്ങൾ അവിടെയില്ല. മനസ്സ് അവിടെയില്ല. കാലം അവിടെയില്ല, നിങ്ങൾക്ക് അപാരമായ ശാന്തിയും വലിയ വിശ്രാന്തിയും അനുഭവിക്കാം. ഇതാണ് ശരിക്കും തേടേണ്ടതും തെരയേണ്ടതും.

നിങ്ങൾ ഒരു സന്യാസിയോ വിരക്തനോ ആവണമെന്ന് ഭഗവാൻ ആവശ്യപ്പെടുന്നില്ല. ഇല്ല! എന്തുകൊണ്ടെന്നാൽ, ലോകം ഉപേക്ഷിച്ചുപോവുന്നതിലുമധികം ധൈര്യം ഇതിനാവശ്യമുണ്ട്; ലോകത്തിലേക്ക് മടങ്ങിവരുന്നതിനാണ് കൂടുതൽ ധൈര്യം ആവശ്യമുള്ളത്. നിങ്ങളുടെ വീടിനകത്ത് സ്വയം അടച്ചുപൂട്ടി, ഒരു സന്യാസിയായോ വിരക്തനായോ ജീവിച്ചാൽ മാത്രം പോരാ. അതുപോരാ! പുറത്തുവരാനും ലോകത്തിലേക്ക് തിരികെ പോവുന്നതിനും നിങ്ങൾക്ക് ധൈര്യം ആവശ്യമുണ്ട്. സ്വാമിയുടെ ഊന്നൽ അതിലാണ്. എന്തിനാണ് നിങ്ങൾ ലോകത്തിലേക്ക് പോവേണ്ടത്? സമൂഹസേവയ്ക്കായി; അവിടുത്തെ സന്ദേശം ഓരോരുത്തരുമായി പങ്കുവയ്ക്കുന്നതിനായി, സ്വീകരിക്കാൻ സന്നദ്ധരായവരുമായി, സ്വീകരണക്ഷമരായവരുമായി, ലഭ്യമായവരുമായി അത് പങ്കിടുന്നതിനായി.

നിങ്ങൾക്കറിയാം, നാമിത് ശ്രദ്ധിച്ചിട്ടുണ്ട്, സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ പക്ഷികൾക്ക് സന്തോഷമാണ്. പൂക്കൾക്ക് സന്തോഷമാണ്. മുഴുവൻ ഭൂമിയും സൂര്യാദയത്തിൽ ആനന്ദിക്കുന്നു. പക്ഷികളും പൂക്കളും മുഴുവൻ ധരയും ആനന്ദിക്കുന്നത് കണ്ടിട്ട് സൂര്യനും സന്തോഷിക്കുന്നു. വരാനിരിക്കുന്ന പകലിനെച്ചൊല്ലി നിറയെ പ്രതീക്ഷ! സൂര്യൻ അവതാരമാകുന്നു! സൂര്യൻ നമ്മുടെ ഭഗവാനാകുന്നു! സായി ആദിത്യൻ-മുഴുവൻ ഭൂമിയെയും വളരെ ആനന്ദിപ്പിക്കുന്ന ഭഗവാൻ!



സമസ്ത പ്രപഞ്ചവും പരസ്പരബന്ധിതമാണെന്നും നമുക്ക് നിരീക്ഷിക്കാനാവും. പുൽനാമ്പു തൊട്ട് ആകാശത്തെ ഏറ്റവും വലിയ നക്ഷത്രം വരെ, എല്ലാറ്റിലും നാം പരസ്പരബന്ധിതരാണ്. സൊരാഷ്ട്രരെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടാവും, രണ്ട് ചിഹ്നങ്ങളുണ്ടായിരുന്നു അദ്ദേഹത്തിന്-ഒരു പ്രതീകം വിവേകത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു സർപ്പം; മറ്റേത് കഴുകനാണ്, ഭയമില്ലാതെ അജ്ഞാതദേശത്തേക്ക് പറക്കുന്നതിനു വേണ്ട ധൈര്യത്തിന്റെ പ്രതീകം, ശരിക്കും അറിയാത്തതിലേക്ക് എടുത്തുചാടാനുള്ള ധൈര്യം. അസ്തിത്വത്തിന്റെ ഈശ്വരീയതയിലേക്കുള്ള ആ ചാട്ടം അജ്ഞേയമത്രെ.

ഇനി, നമുക്ക് കാണാനാവും, ശരിക്കും വിവേകമുള്ള ഒരു മനുഷ്യൻ ഗൗരവക്കാരനാവില്ല, എപ്പോഴും വിനോദപ്രകൃതമാവും. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ, അഖിലപ്രപഞ്ചവും വിനോദമാണ്! അതുകൊണ്ടാണ് അവതാരം എല്ലായ്പോഴും മനുഷ്യരുടെ അടു

ത്തേക്ക് തിരികെ വരുന്നത്. അവിടുന്നൊരിക്കലും ഒരു പ്രത്യേക സ്ഥലത്ത് ഒതുങ്ങിക്കൂടില്ല. അവിടുന്ന് മാനവവംശത്തിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കാനായി, മനുഷ്യരുടെ അടുത്തേക്ക് തിരികെ വരുന്നു, മാനവവംശത്തിന്റെ ധൈര്യം, വലിയ പ്രചോദനത്തിന്റെ സ്രോതസ്സുമായി. ഇതാണ് അവതാരം എന്നാൽ!

മാനവരാശിയുമായി ആധികാരികപ്രേമത്തിലായ ഒരുവന് ജീവിതഗന്ധിയായ ഒരു തരം മനോഭാവമാകും ഉണ്ടാവുക, അത് ലോകനിഷേധമാവില്ല. അയാൾ നെഗറ്റീവ് ആവില്ല, അയാൾ ആർക്കുംതന്നെ കുറ്റബോധം ഉണ്ടാക്കില്ല. ആധികാരികപ്രേമമുള്ള ഒരുവൻ വിശ്വസിക്കുന്നത് തനിക്ക് എന്തൊക്കെ സ്വായത്തമാണോ, അത് നിങ്ങൾക്കും നേടാം എന്നാണ്, അത് നിങ്ങൾക്കും തിരിച്ചറിയാം എന്നാണ്, എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് അതിനുള്ള ശേഷിയുണ്ട്, നിങ്ങളും അതാണ്.

ആരാണോ തയ്യാറുള്ളത്, ആർക്കാണോ മാർഗനിർദ്ദേശം ആവശ്യമുള്ളത്, വഴിയറിയുന്നതിന് ആരാണോ ആഗ്രഹിക്കുന്നത്, ദിവ്യാനുഭവങ്ങൾ കാംക്ഷിക്കുന്നത് ആരാണോ, അവരെയൊക്കെ പ്രോത്സാഹിപ്പിക്കുന്നതിന് ഭഗവാനുണ്ട്. അതിനാൽ, നമ്മുടെ ഉള്ളിലെ ദിവ്യത്വം അനുഭവിക്കുന്നതിനായി, ഈ ധാരണയോടെ, ഈ അവബോധത്തോടെ നാം അവിടുത്തെ പ്രഭാഷണങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതാണ് സ്വാമി നമ്മോടെല്ലാം ആവർത്തിച്ച് ആവശ്യപ്പെടുന്നത്. അവിടുന്ന് മുഴുവൻ സമയവും ഈ ദിവ്യസന്ദേശങ്ങൾ പരത്തുന്നതിനാണ് ചെലവഴിച്ചത്. ഒരിക്കൽ അവിടുന്ന് പരാമർശിക്കുകയുണ്ടായി, "ഞാൻ എന്തുതന്നെ പറയുന്നുവോ, ഞാൻ എന്തുതന്നെ ചെയ്യുന്നുവോ, അതു നിറയെ ആഴം, അവബോധം ഉള്ളതാവും, അത് നിങ്ങളുടെ സ്വന്തം ദിവ്യത തിരിച്ചറിയുന്നതിന് നിങ്ങളെ സഹായിക്കുന്നതാവണം."

എന്തുകൊണ്ട്, അവിടുന്ന് പോകും, അവിടുന്ന് ഇപ്രകാരം പറയുന്നു, "നീയും ഞാനും ഒന്നാകുന്നു!" ഞാൻ വളരെ നല്ലപോലെ ഓർക്കുന്നു, ആരെങ്കിലും പറയുകയാണ്, "സ്വാമീ! അവിടുന്ന് കരുണാമയനാണ്. അവിടുന്ന് എനിക്ക് ഇത്രമാത്രം തന്നു!" സ്വാമി പറയും, "അതെന്റെ കടമയാണ്! നിങ്ങളെ സേവിക്കുന്നത് എന്റെ കടമയാണ്!"

ഒരവസരത്തിൽ സ്വാമി ഇപ്രകാരം പ്രസ്താവിച്ചു: "എനിക്ക് ആധികളില്ല, എനിക്ക് പ്രശ്നങ്ങളില്ല, എന്തുതന്നെയായാലും ഒന്നുമില്ല! എന്നാൽ എന്റെ മനസ്സിൽ ഒരു കാര്യം മാത്രമാണുള്ളത്! എങ്ങനെ ആളുകളെ സഹായിക്കാം? എപ്രകാരം അവരുടെ ദുരിതങ്ങൾ ലഘൂകരിക്കാം? എങ്ങനെ അവരെ ഈശ്വരനിലേക്ക് നയിക്കാം? എങ്ങനെ അവരെ അവ

രുടെ സാധനയിൽ സഹായിക്കാം? ഈ കാര്യത്തിൽ മാത്രമാണ് എനിക്ക് ആകാംക്ഷ. മറ്റൊന്നിലുമില്ല!"

അതിനാൽ, നമ്മൾ ഭക്തർ അവതാരത്തിന്റെ, ഭഗവാൻ ശ്രീ സത്യസായി ബാബയുടെ, ആഗമനോദ്ദേശ്യം തിരിച്ചറിയേണ്ടതുണ്ട്. നമുക്കത് യാദൃശ്ചികം എന്ന് കരുതാനാവില്ല. നിശ്ചയമായും അല്ല! തീർച്ചയായും അല്ല! സേവാ പ്രവർത്തനമാവട്ടെ, ആദ്ധ്യാത്മിക പ്രവർത്തനമാവട്ടെ, വിദ്യാഭ്യാസ പ്രവർത്തനമാവട്ടെ എന്തുതന്നെയായാലും, ആ പ്രവർത്തനം ഒരു ഏകലക്ഷ്യത്തിലേക്ക് നയിക്കുന്നതാണ്, ഒരുവന്റെ ഉള്ളിലുള്ള ദിവ്യത്വം അനുഭവിക്കുക എന്ന ലക്ഷ്യം, ചുറ്റുമുള്ള ഓരോരുത്തരിലും ഒരേ ആത്മാവാണ് വസിക്കുന്നത്. ഈ മുഴുവൻ പ്രവർത്തനങ്ങളുടെയും, ഭഗവാൻ നമുക്കായി ഒരുക്കിത്തന്നിരിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ഉദ്ദേശ്യം അതാണ്.

അതുകൊണ്ടാണ് ഞാൻ എല്ലായ്പോഴും ആളുകളോട് പറയുന്നത്, നമ്മുടെ പ്രവൃത്തി അർത്ഥപൂർണമാവാനായി, നമ്മുടെ കർമ്മം സഫലമാവാനായി, ദിവ്യസന്ദേശത്തിന്




**Constant Integrated Awareness**
means seeing God everywhere,in every thing,and all the time

പ്രാധാന്യം കൊടുക്കൂ എന്ന്, അത് നമ്മെ ലക്ഷ്യത്തിലേക്ക് നയിക്കും; അത് നമ്മുടെ ഉള്ളിലുള്ള ഈശ്വരനെ സാക്ഷാത്കരിക്കാൻ നമ്മെ സഹായിക്കും. നാം എന്തുതന്നെ ചെയ്യുമ്പോഴും, നാം എന്തുതന്നെ സംസാരിക്കുമ്പോഴും, നാം എന്തുതന്നെ ചിന്തിക്കുമ്പോഴും വേണ്ട നിരന്തര സ്മരണമാകുന്നു അത്, ഭഗവാൻ അതിനെ "സ്ഥിര ഉദ്ഗ്രഥിത അവബോധം"(**Constant Integrated Awareness**) എന്നു വിളിക്കുന്നു.

നിങ്ങൾക്ക് നന്ദി! വീണ്ടും കാണാം! സായി രാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)